സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി വ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്.

കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ

153 (3358) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിളകളുടെ വിലത്തകർച്ച തടയുന്നതിനും വിപണി ഉറപ്പ് വരുത്തുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉൽപ്പാദനോപാധികളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ കുറവ് തുടങ്ങി പ്രസ്തുത മേഖല നേരിടുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുറഞ്ഞ ഉല്പാദനം, ഉല്പാദനക്ഷമത, വിപണിയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്, പ്രകൃതിക്ഷോഭം, കീടരോഗബാധ, തൊഴിലാളികളുടെ അഭാവം തുടങ്ങിയവയാണ് കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയെപ്പറ്റി പഠിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിനായി വിവിധ കാർഷിക വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കാർഷിക നയം സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിളകളുടെ വിലത്തകർച്ച തടയുന്നതിനും വിപണി ഉറപ്പ് വരുത്തുന്നതിനും ഉൽപാദനോപാധികളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ കുറവ് തുടങ്ങി കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly